ഇ.എസ് 1/2909/2019/ആ.വ.ഡ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ്, തിരുവനന്തപുരം

തീയതി: 31/05/2019

# നോട്ടീസ്

| | |
|---|---|
| വിഷയം | ആരോഗ്യം- ജീവനക്കാര്യം- 01-01-1997 മുതൽ 31-03.2000 വരെയുള്ള സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്- |
| സൂചന | 1. കത്ത് നമ്പർ. എ2/723/2018/ജി.മെ.ഒ(ആ) കണ്ണൂർ, തീയതി. 16/01/2019<br>2. G. O. (Rt)No. 2797/18/H & FWD, Dated: 12.09.2018<br>3. SLP(C) 12363/2018/Civil appeal petition No. 7402/18 |

കണ്ണൂർ ജില്ലയിലെ പന്ന്യന്നൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്- 1 ആയി ജോലി ചെയ്തു വരുന്ന ശ്രീ. പി. ഹരീഷ് കുമാർ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ 01/01/1997 മുതൽ 31/03/2000 വരെയുള്ള കാലളവിലെ കാലയളവിലെ സീനിയോറിറ്റി പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിനായി അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

ശ്രീ. ഹരീഷ് കുമാർ കണ്ണൂർ ജില്ലാ പി. എസ്. സി യുടെ അഡ്വൈസ് നമ്പർ C1/(1)2524/87, തീയതി. 22/04/1996 പ്രകാരം ആരോഗ്യ വകുപ്പിൽ ഫീൽഡ് വർക്കറായി സർവ്വീസിൽ പ്രവേശിക്കുകയുണ്ടായി. EG3/108875/98/ആ.വ.ഡ, തീയതി. 15.02.1999 ഉത്തരവനുസരിച്ച് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 ആയി സ്ഥാനക്കയറ്റം ലഭിക്കുകയും തുടർന്ന് 20.04.2014 മുതൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് – 1 ആയി സ്ഥാനക്കയറ്റം ലഭിച്ച് സർവ്വീസിൽ തുടർന്ന് വരികയും ചെയ്യുന്നു.

ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സീനിയോറിറ്റി സംബന്ധമായി നിലനിന്നിരുന്ന കേസുകളുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പ്രസിദ്ധീകരിച്ച ഉത്തരവ് നമ്പർ.ES2(Spl.Cell)69286/10/DHS, തീയതി. 22.11.2012) സീനിയോറിറ്റി പട്ടികയിൽ ടിയാന് 167-)o സ്ഥാനം നൽകി ഉൾപ്പെടുത്തിയിരുന്നു. തുടർന്ന് സുപ്രീംകോടതി നിർദ്ദേശപ്രകാരം തന്നെ 05.01.2018ൽ പ്രസ്തുത കാലയളവിലെ ലിസ്റ്റ് പരിഷ്കരിച്ച് പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. അതിനെത്തുടർന്ന് OP(KAT)31, 32 & 135/2015 എന്നീ കേസുകളിൽ ബഹു. കേരള ഹൈക്കോടതി 2/3/2018 ൽ പുറപ്പെടുവിച്ച

വിധിന്യായത്തെ തുടർന്ന് ബഹു. സുപ്രീംകോടതിയിൽ നിലവിലുള്ള SLP/12363/2018 എന്ന കേസിലെ ഇടക്കാല വിധിയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ടവരെ നേരിട്ട് കേട്ടതിനുശേഷം ഗവൺമെന്റ് G..O(Rt)No.2797/18/H & FWD, തീയതി. 12/9/2018 ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

പ്രസ്തുത ഉത്തരവിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ 5/1/2008 ൽ ലിസ്റ്റ് 1, ലിസ്റ്റ് 2 എന്ന ക്രമത്തിൽ പ്രസിദ്ധീകരിച്ച സീനിയോറിറ്റി പട്ടികയിലെ ലിസ്റ്റ് ഒന്നിൽ നിന്നും പ്രമോഷൻ നടത്താനും സാനിട്ടറി ഇൻസ്പെക്ടർ കോഴ്സ് പാസായവർ, ബൈട്രാൻസ്ഫർ നിയമനം നേടിയവർ തുടങ്ങിയവർ ഉൾക്കൊള്ളുന്ന ലിസ്റ്റ് 2 പരിഷ്കരിച്ച് പ്രസിദ്ധീകരിക്കാനും നിർദ്ദേശിച്ചിരുന്നു. ആയതനുസരിച്ച് ലിസ്റ്റ് 2 പരിഷ്കരിച്ച് താൽക്കാലിക സീനിയോറിറ്റി പട്ടിക ഉത്തരവ് നമ്പർ ES1/14462/2015/ആവധ, തീയതി. 06/10/2018 പ്രകാരം പ്രസിദ്ധീകരിക്കുകയും അപ്പീലുകളുണ്ടെങ്കിൽ സമർപ്പിക്കാൻ അവസരം നല്കുകയും ചെയ്തിരുന്നു. ലഭിച്ച അപ്പീലുകളെല്ലാം പരിശോധിക്കുകയും പരിഗണിക്കുകയും ചെയ്തുകൊണ്ട് 8/11/2018 ൽ പട്ടിക അന്തിമമായി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുള്ളതാണ്.

ശ്രീ. ഹരീഷ് കുമാർ. പി മേൽ സൂചിപ്പിച്ച ലിസ്റ്റിന്മേൽ യാതൊരാക്ഷേപവും യഥാസമയത്ത് സമർപ്പിക്കുകയുണ്ടായില്ല. അപ്പീൽ യഥാസമയം ശ്രീ. പി. ഹരീഷ് കുമാർ, ടിയാൾ ജോലി ചെയ്തിരുന്ന സ്ഥാപനത്തിൽ സമർപ്പിച്ചുവെന്നും ജില്ലാ മെഡിക്കൽ ഓഫീസ്, കണ്ണൂർ വഴി ആയത് ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ എത്തുന്നതിന് വന്ന കാലതാമസമാണ് ആക്ഷേപം ലഭിക്കാതിരുന്നതിന് കാരണമെന്നും തന്റെ വിശദീകരണത്തിൽ ശ്രീ. ഹരീഷ് കുമാർ അറിയിച്ചിരിക്കുന്നു. പ്രസ്തുത ലിസ്റ്റിൽ നിന്നാണ് ഇപ്പോൾ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് – 2 തസ്തികയിലേക്കുള്ള പ്രമോഷന് നടന്നുവരുന്നത്. ഇനി 3 വർഷം മാത്രം സർവ്വീസ് ബാക്കിയുള്ള ശ്രീ. പി. ഹരീഷ് കുമാറിന് ലിസ്റ്റിൽ പേരില്ലായെന്ന കാരണത്താൽ പ്രമോഷൻ ലഭിക്കാതെ വരുമെന്ന് അവസ്ഥയാണ് നിലനിൽക്കുന്നത്.

മേൽ സാഹചര്യത്തിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് – 2 വിഭാഗം ജീവനക്കാരുടെ സീനിയോറിറ്റി പട്ടികയുമായി ബന്ധപ്പെട്ട പ്രശ്നം ബഹു. സുപ്രീം കോടതിയുടെ പരിഗണനയിലാണുള്ളതെങ്കിലും ലിസ്റ്റിൽ ഉൾപ്പെടാത്തതുകൊണ്ട് സർവ്വീസിൽ ടിയാന് ലഭിക്കേണ്ട സ്ഥാനക്കയറ്റം നഷ്ടപ്പെട്ടുപോകും എന്ന മാനുഷികവശം കണക്കിലെടുത്ത് ശ്രീ. പി. ഹരീഷ് കുമാറിനെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - 2 വിഭാഗം ജീവനക്കാരുടെ 1/1/1997 മുതൽ 31/03/2000 വരെയുള്ള കാലയളവിലെ ES1/14462/2015/ആ.വ.ധ, തീയതി. 8/11/2018 പ്രകാരം പ്രസിദ്ധീകരിച്ച സീനിയോറിറ്റി പട്ടികയിൽ 193 എ എന്ന സ്ഥാനം നൽകി താൽക്കാലികമായി ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചിരിക്കുന്നു. വിശദവിവരം താഴെ ചേർക്കുന്നു

| ക്രമ നമ്പർ | പേര് | ജനനതീയതി | ജോലിയിൽ പ്രവേശിച്ച തീയതി | റാങ്ക് നമ്പർ | പുതിയ റാങ്ക് നമ്പർ |
|---|---|---|---|---|---|
| 1 | എസ്. ജഗദ കുമാരി | 25.02.1956 | 8.04.1996 | 193 | |
| 2 | ഹരീഷ് കുമാർ. പി | 20.05.1966 | 07.03.1996 | | 193 എ |
| 3 | പി. പി. ചന്ദ്രൻ | 31.05.1959 | 24.08.1996 | 194 | |

പ്രസ്തുത നടപടിക്കെതിരെ ആർക്കെങ്കിലും ആക്ഷേപമുണ്ടെങ്കിൽ ആയത് ഈ നോട്ടീസ് പ്രസിദ്ധീകരിച്ച് 15 ദിവസത്തിനകം രേഖാമൂലമോ / ഇ-മെയിൽ (essectiondhs@gmail.com) മുഖേനയോ ഉചിത മാർഗ്ഗേന ഈ ആഫീസിൽ ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം പ്രസ്തുത നടപടിയിൽ ആക്ഷേപങ്ങളൊന്നുമില്ലയെന്ന നിഗമനത്തിൽ അന്തിമ തീർപ്പ് കൽപ്പിക്കുന്നതാണ്.

(ഒപ്പ്)
ഡോ. സമീറ എ.
ആരോഗ്യവകുപ്പ് അസിസ്റ്റൻറ്റ് ഡയറക്ടർ (A&T)

k c/s.

സ്വീകർത്താവ്

എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും
(ആരോഗ്യവകുപ്പ് വെബ് സൈറ്റ് മുഖേന)

//അംഗീകാരത്തോടെ//

സീനിയർ സൂപ്രണ്ട്